പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6595 — 21.11.2019 -ൽ മറുപടിയ്ക്ക്

## പാവറട്ടി വില്ലേജിനെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി വില്ലേജിനെ 2019-20 പ്ലാൻ സ്കീം പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ടോ; | (എ) | തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | 44,00,000/- (നാൽപ്പത്തിനാല് ലക്ഷം രൂപ) രൂപയാണ് ഭരണാനുമതി പ്രകാരം അനുവദിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത വില്ലേജാഫീസ് നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പാവറട്ടി വില്ലേജ് സർവ്വെ നമ്പർ 136 ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമി കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതാണ്. |
| (ഡി) പാവറട്ടി വില്ലേജ് സർവ്വേ നമ്പർ 136/15 ൽപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി വിട്ടുകിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) യും (ഇ) യും | റവന്യൂ വകുപ്പിൻ കീഴിൽ കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പാവറട്ടി വില്ലേജിൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മേൽ പറഞ്ഞ സ്ഥലം ഭൂമി കൈമാറ്റം മുഖേന ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) അനുയോജ്യമായ ഭൂമി ലഭ്യമാക്കി പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് വേണ്ട അടിയന്തര നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ